# ഇ.വി ഹസ്സൻകുട്ടി



**കോട്ടക്കൽ** ഏരിയയിലെ പറങ്കിമൂച്ചിക്കൽ പ്രാദേശിക ജമാഅത്തിൽ അംഗമായിരുന്ന ഇ.വി ഹസ്സൻകുട്ടി സാഹിബ് (75) ആദ്യകാല പ്രവർത്തകനാണ്. പ്രഗത്ഭ പണ്ഡിതനായിരുന്ന ചാപ്പനങ്ങാടി ബാപ്പുമുസ്‌ലിയാരുടെ ജ്യേഷ്ഠന്റെ മകനാണ്. ബാപ്പുമുസ്‌ലിയാർ *തഫ്ഹീമാത്തി*ന്റെ സ്ഥിരം വരിക്കാരനും ജമാഅത്ത് സാഹിത്യങ്ങൾ വായിക്കുന്നതിൽ തൽപരനുമായിരുന്നു. ബാപ്പുമുസ്‌ലിയാരുടെ അടുത്ത്നിന്ന് *തഫ്ഹീമാത്തി*ന്റെ കോപ്പികൾ വായിച്ചാണ് ഹസ്സൻകുട്ടി സാഹിബ് ഇസ്‌ലാമിക പ്രസ്ഥാനവുമായി അടുത്തത്. ഐ.പി.എച്ചിൽ നിന്ന് പുതുതായി ഇറങ്ങുന്ന ഏത് സാഹിത്യവും വായിക്കുക അദ്ദേഹത്തിന്റെ ശീലമായിരുന്നു. പ്രസ്ഥാന സാഹിത്യങ്ങൾക്കപ്പുറമുള്ളവ ധാരാളമായി വായിച്ചിരുന്നു.

ജീവിതത്തിൽ ലാളിത്യം അദ്ദേഹത്തിന്റെ മുഖമുദ്രയായിരുന്നു. സൈനബയാണ് ഭാര്യ. മുഹമ്മദ്, അബ്ദുൽ മജീദ്, അനീസ് റഹ്മാൻ, സൽമാൻ, ഫാത്വിമ, സഫിയ, ഹമീദ, ഹബീബ, ആത്തിക്ക, സലീമ, സുഹാദ, ഫസീല മക്കളാണ്. മലർവാടി എഡിറ്ററായിരുന്ന പരേതനായ ഇ.വി അബ്ദു സഹോദരനാണ്.

**വാഴയിൽ പോക്കുഹാജി, പറപ്പൂർ**

# വീരാൻ സാഹിബ്



**പാലക്കാട്** എടത്തറ ഹൽഖയിലെ ആദ്യകാല ഇസ്‌ലാമിക പ്രവർത്തകനായിരുന്ന വീരാൻ സാഹിബ് അല്ലാഹുവിലേക്ക് യാത്രയായി. പ്രദേശത്തെ സാമൂഹിക സേവനരംഗങ്ങളിൽ സജീവ സാന്നിധ്യമായിരുന്നു അദ്ദേഹം. ജീവിതത്തിലുടനീളം ഇസ്‌ലാമിക മൂല്യങ്ങൾ ഉയത്തിപ്പിടിക്കുന്നതിൽ വളരെയധികം കണിശത പുലർത്തിയിരുന്നു. സാമ്പത്തിക ബുദ്ധിമുട്ടുകൾക്കിടയിലും കുടുംബത്തെ പ്രസ്ഥാന മാർഗത്തിൽ ഉറപ്പിച്ചു നിർത്താൻ പ്രത്യേകം ശ്രദ്ധിച്ചു. പൊതു സമൂഹവുമായി വളരെ അടുത്ത ബന്ധം കാത്തുസൂക്ഷിച്ച അദ്ദേഹത്തിന് വിശാലമായ ദഅ്‌വാ ബന്ധവുമുണ്ടായിരുന്നു. എടത്തറ പ്രദേശത്ത് സജീവമായി പ്രവർത്തിക്കുന്ന ഐഡിയൽ വെൽഫെയർ ട്രസ്റ്റിന്റെ സ്ഥാപകരിൽ ഒരാളായിരുന്നു. പ്രവർത്തനങ്ങൾ വ്യവസ്ഥാപിതമാക്കുന്നതിലും വാക്ക് പാലിക്കുന്നതിലും മക്കളെ ചിട്ടയോടെ വളർത്തുന്നതിലും പ്രത്യേകം ജാഗ്രത പുലർത്തി. മൂന്ന് ആൺ മക്കളും രണ്ട് പെൺകുട്ടികളുമടങ്ങുന്നതാണ് കുടുംബം.

**സുലൈമാൻ പാലക്കാട്**

# സഊദ ഖാലിദ്



**വാടാനപ്പള്ളി** ഫാറൂഖ് നഗർ വനിതാ ഹൽഖയിലെ സജീവ സാന്നിധ്യമായിരുന്നു സഊദ ഖാലിദ്. പ്രസ്ഥാനത്തിന്റെ ആദ്യകാല നേതാക്കളിൽപെട്ട പള്ളുരുത്തി ഹാജിയുടെ മകളും ആർ.കെ ഖാലിദ് സാഹിബിന്റെ ഭാര്യയുമായിരുന്നു. അബൂദബിയിൽ പ്രസ്ഥാന പ്രവർത്തനം ആരംഭിച്ച ആദ്യകാലത്തു തന്നെ അബൂദബി വനിതാ ഹൽഖയുടെ നേതൃത്വം സഊദയെയാണ് ഏൽപിച്ചിരുന്നത്. മികച്ച സാമ്പത്തിക സൗകര്യങ്ങളുണ്ടായിട്ടും ലളിത ജീവിതം കൊണ്ട് അവർ മറ്റുള്ളവർക്ക് മാതൃകയായി.

മക്കളുടെ വിദ്യാഭ്യാസ കാര്യങ്ങളിലും അവരുടെ സ്വഭാവ സംസ്കരണത്തിലും അവർ പ്രത്യേകം ശ്രദ്ധിച്ചു. പ്രായപൂർത്തിയായ പെൺമക്കളെ പ്ലസ്ടു ക്ലാസിൽ ചേർക്കാൻ യൂനിഫോം തടസ്സമായപ്പോൾ അത്തരം സ്കൂളിൽ തന്റെ മക്കൾ പഠിക്കണ്ട എന്ന് തീരുമാനിക്കുകയായിരുന്നു. മറ്റുള്ളവരുടെ നന്മകളെയും ഉയർച്ചകളെയും അകമഴിഞ്ഞ് പ്രോത്സാഹിപ്പിക്കുകയും അതിൽ ആത്മനിർവൃതി കണ്ടെത്തുകയും ചെയ്തിരുന്ന അവർ പോരായ്മകളെ സദാ വിലയിരുത്തിക്കൊണ്ടിരിക്കാൻ മറന്നില്ല. തന്റെ മിതത്വം മക്കളിലേക്ക് പകർന്നുകൊടുത്ത അവർ കുടുംബാംഗങ്ങൾക്കിടയിലും അയൽക്കാർക്കിടയിലും ഏറെ പ്രിയങ്കരിയായിരുന്നു. എല്ലാവരെയും സൽക്കരിക്കുന്നതിലും ഊട്ടുന്നതിലും അവർ വളരെയധികം സംതൃപ്തി കണ്ടെത്തിയിരുന്നു.

**സുലൈഖാ അബ്ദുർറഹ്മാൻ**

*അല്ലാഹുവേ, പരേതരെ മഗ്ഫിറത്തും മർഹമത്തും നൽകി അനുഗ്രഹിക്കേണമേ - ആമീൻ*